**വിവരാവകാശം/മറുപടി**

**നമ്പർ: E8-11820/17**

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 01.02.2017.
Email : swdkerala@gmail.com
Phone: 0471 - 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി വകുപ്പ്,
തിരുവനന്തപുരം.

ശ്രീമതി. സുനിത T.S.,
വകയിൽ ഹൗസ്,
ചതകുടം പി.ഒ.,
തൃശ്ശൂർ - 680 562.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്:

സൂചന:- താങ്കൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.

സൂചന പ്രകാരമുള്ള താങ്കൾ ആവശ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

1. a) ഹെഡ് ക്വാർട്ടർ ഒഴിവുകൾ വിവിധ ജില്ലകൾക്കായി നിശ്ചയിച്ച് നൽകുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. വകുപ്പ് തലത്തിൽ ഈ വിവരം ലഭ്യമല്ല. ക്ലാർക്ക് ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഇല്ല.

   b) ബാധകമല്ല.

2. മറുപടി 1(a)യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റിന്റെ 8 തസ്തികയും, എൽ.ഡി. ടൈപ്പിസ്റ്റിൽ 14 തസ്തികകളും അനുവദിച്ചിട്ടുണ്ട്.

4. ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് ഉണ്ട്. ഇത് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

   എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല.

5. സാമൂഹ്യനീതി ഡയറക്ടറുടെ 02.02.2017-ലെ ഇ4-11126/17 നം. കത്തിലൂടെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ബാധകമല്ല.
7. തൃശ്ശൂർ ജില്ലയിലെ ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളിലെ 2019 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.
8. തൃശ്ശൂർ ജില്ലയിൽ ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളിൽ എംപ്ലോയ്മെന്റ്/ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.
9. തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാൾ 5 വർഷത്തെ ശൂന്യ വേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ടി ഒഴിവ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുകയും, ഈ ഒഴിവിലേയ്ക്ക് പി.എസ്.സി. ശുപാർശ ചെയ്ത ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.
10. തൃശ്ശൂർ ജില്ലയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ആരും ജോലി നോക്കുന്നില്ല.
11. തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും ജോലി നോക്കുന്നില്ല.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ** എന്ന മേൽവിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

**S.L. ശ്യാം ശങ്കർ,**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
സാമൂഹ്യ നീതി ഡയറക്ടറേറ്റ്.

3/3/17